പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1529** **10/02/2020-ൽ മറുപടിയ്ക്ക്**

**ഫീൽഡ് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ**

| **ചോദ്യം**<br>ശ്രീ.കെ.എം.ഷാജി | **മറുപടി**<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) മണ്ണ് സംരക്ഷണ വകുപ്പിൽ ഫീൽഡ് അസിസ്റ്റന്റ് തസ്തിക യിലേയ്ക്ക് പ്രൊമോഷൻ നൽകു ന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഈ ലിസ്റ്റിൽ എത്ര പേർ ഉണ്ടെന്ന് അറിയിക്കാമോ ; | (എ & ബി) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി വരുന്നു. |
| (ബി) കഴിഞ്ഞ മൂന്നു വർഷത്തി നിടയിൽ ഈ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഫീൽഡ് അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകിയി ട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | |
| (സി) 2016 മുതൽ 2019 വരെ ഫീൽഡ് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് ഉണ്ടായി ട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) 2016 മുതൽ 2019 വരെയുണ്ടായിട്ടുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ചുവടെ ചേർക്കുന്നു<br>2016 – 2 ഒഴിവുകൾ<br>2017 - 2 ഒഴിവുകൾ<br>2018 - 3 ഒഴിവുകൾ<br>2019 - 3 ഒഴിവുകൾ |
| (ഡി) 2016 മുതൽ 2019 വരെ ഉണ്ടായ ഒഴിവുകളിലേയ്ക്ക് നാളിതു വരെ ഫീൽഡ് അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകാതി രുന്നതിന് കാരണം വ്യക്തമാക്കുമോ ; | (ഡി & ഇ) ഓരോ കലണ്ടർ വർഷവും KS&SSR Rule 28 b(i) 4(a) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് MGTE/KGTE പാസ്സായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് സീനിയോറിറ്റി തയ്യാറാക്കി ഫീൽഡ് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയാണ് നിയമനം നടത്തുന്നത്. ശ്രീ.പ്രകാശ്.ഒ.ബി, ഡ്രൈവർ ഫയൽ ചെയ്ത O.A 682/2017 നമ്പർ കേസിന്റെയും ശ്രീ.രമേഷ് കുമാർ.എ.പി ലാബ് അറ്റൻഡർ ഫയൽ ചെയ്ത 2762/2016 നമ്പർ കേസിന്റെയും അടിസ്ഥാനത്തിൽ 3/11/2018 ലെ GO(Rt) |

| | | |
|---|---|---|
| (ഇ) | നിലവിലുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ തസ്തികകളിലേയ്ക്ക് എന്നത്തേയ്ക്ക് പ്രൊമോഷൻ നടപടികൾ പൂർത്തിയാകും എന്ന് വ്യക്തമാക്കമോ ; | No.1097/2018/Agri നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സീനിയോറിറ്റി നിശ്ചയിച്ചാണ് 2015 ലെ ഒഴിവുകൾ 28.06.2019 ലെ E(2) 16117/2019 നമ്പർ ഉത്തരവ് പ്രകാരം നികത്തിയത്. തുടർന്ന് 2016 ലെ ഒഴിവുകൾ നികത്തുന്നതിന് നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | വ്യക്തമായി സീനിയോറിറ്റി ലിസ്റ്റും ഫീൽഡ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ടായിട്ടും പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ഉദ്യോഗതലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ ? | **എഫ്** )പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ഉണ്ടാകുന്ന ഭരണപരമായ കാലതാമസമേ ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ളൂ. |

**സെക്ഷൻ ഓഫീസർ**